# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1021 30.10.2019 -ലെ മറുപടി

## കുഴൽകിണറുകളുടെ നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് പുതുതായി കുഴൽ കിണറുകൾ നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിക്കേണ്ടതു ണ്ടോ; എങ്കിൽ ഇതിന്റെ നടപടി ക്രമങ്ങൾ എന്തൊക്കെയെന്ന് വിശദ മാക്കാമോ; | എ) | സംസ്ഥാനത്ത് പുതുതായി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് ഭൂജല വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 &93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണർ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റും, ഭൂജല വകുപ്പിന്റെ ക്ലിയറൻസും 10.01.2014 മുതൽ നിർബന്ധമാണ്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ളോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽക്കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. |
| ബി) | ഭൂഗർഭ ജലവിഭവ വകുപ്പ് മുഖേന കുഴൽകിണറുകൾ നിർമ്മിച്ച് നൽകു ന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി ആരെയാണ് സമീപിക്കേണ്ടത്; നിരക്കുൾപ്പെടെയുള്ള വിശദാംശ ങ്ങൾ ലഭ്യമാക്കാമോ; | ബി) | ഉണ്ട്. ഭൂഗർഭജലവിഭവ വകുപ്പ് മുഖേന കുഴൽകിണറുകൾ നിർമ്മിച്ച് നൽകുന്നതിന് ഭൂജല വകുപ്പിന്റെ അതാത് ജില്ലാ ഓഫീസുകളെ സമീപിക്കാവുന്നതാണ്. കുഴൽക്കിണർ നിർമ്മാണ ത്തിനുള്ള നിരക്ക് താഴെ പറയും പ്രകാരമാണ്. |

| ക്രമ നമ്പർ | തരം | നിരക്ക് |
|---|---|---|
| 1 | 4.5" കുഴൽക്കിണർ | Rs.390/m+ പൈപ്പിന്റെ വില |
| 2 | 6" കുഴൽക്കിണർ | Rs.665/m+ പൈപ്പിന്റെ വില |
| 3 | ഫിൽറ്റർ പോയിന്റ് കിണർ | Rs. 255/m+പൈപ്പിന്റെ വില |
| 4 | ഫിൽറ്റർ പോയിന്റ് വെൽ | Rs.255/m+ പൈപ്പിന്റെ വില |
| 5 | ട്യൂബ് വെൽ<br>(എ) 6 ഇഞ്ച്(dia)well assembly<br>(ബി) 6 ഇഞ്ച് (dia)ൽ കൂടുതലുള്ള well assembly | <br>Rs.2315/m+ പൈപ്പിന്റെ വില<br>Rs.2980/m+ പൈപ്പിന്റെ വില |

സി) കുഴൽകിണർ നിർമ്മിച്ചു നൽകുന്നതിന് ഭൂഗർഭ ജല വകുപ്പിന് ഓരോ ജില്ലയിലും എത്ര യന്ത്രം വീതമുണ്ട്; ഇവയിൽ പ്രവർത്തന ക്ഷമമല്ലാത്തവയുടെ ജില്ലതിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

സി)

| ക്രമ നമ്പർ | ജില്ല | റിഗ്ഗുകളുടെ എണ്ണം | റിപ്പയർ ആയവയുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 4 | 3 |
| 2 | കൊല്ലം | 7 | 1 |
| 3 | പത്തനംതിട്ട | 2 | |
| 4 | ആലപ്പുഴ | 4 | |
| 5 | എറണാകുളം | 1 | |
| 6 | ഇടുക്കി | 1 | |
| 7 | കോട്ടയം | 5 | |
| 8 | തൃശ്ശൂർ | 2 | |
| 9 | പാലക്കാട് | 1 | |
| 10 | മലപ്പുറം | 1 | |
| 11 | കോഴിക്കോട് | 2 | |
| 12 | വയനാട് | 2 | 1 |
| 13 | കണ്ണൂർ | 1 | |
| 14 | കാസർഗോഡ് | 1 | 1 |
| | ആകെ | 34 | 6 |

ഡി) ഭൂഗർഭ ജലസ്രോതസ്സുകൾക്ക് ആവശ്യക്കാർ കൂടുതൽ ഉള്ളതിനാലും,

ഡി) 2019-20 സാമ്പത്തിക വർഷത്തിൽ 12 പുതിയ റിഗ്ഗുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു

| | | | |
|---|---|---|---|
| | സ്വകാര്യ കുഴൽകിണർ നിർമ്മാതാക്കൾ ഇരട്ടിത്തുകയിലേറെ വാങ്ങി ജനങ്ങളെ ചൂഷണം ചെയ്യുന്നതിനാലും, കൂടുതൽ പ്രവർത്തനക്ഷമമായ യന്ത്രങ്ങൾ എല്ലാ ജില്ലകളിലും ഏർപ്പെടുത്തി, കുറഞ്ഞ നിരക്കിൽ കിണർ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | വരുന്നുണ്ട്. സർക്കാരിന്റെ നിലവിലുള്ള നിശ്ചിത നിരക്ക് അനുസരിച്ച് വകുപ്പ് കുഴൽക്കിണർ നിർമ്മാണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ